(സി) ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. ഇത് 10-15 വർഷമായി നിലവിലുള്ളതാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) മുൻകാലങ്ങളിലെ കുടിശ്ശിക കൊടുത്തു തീർത്തതിനാലും വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചതുകൊണ്ടും മുൻകാലങ്ങളെ അപേക്ഷിച്ച് ഉയർന്ന വാർഷിക പദ്ധതി നടപ്പിലാക്കേണ്ടതിനാലും സർക്കാരിന്റെ പദ്ധതി/പദ്ധതിയേതര ചെലവിൽ വൻ വർദ്ധനവുണ്ടായി. കൂടാതെ ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിൽ നൽകേണ്ടുന്ന ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിനെല്ലാമനുസൃതമായി വരുമാനത്തിൽ വർദ്ധനവുണ്ടാകാത്തതാണ് ഇപ്പോഴത്തെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കുള്ള മൂലകാരണം. എന്നാൽ ഒരു സാമ്പത്തിക പ്രതിസന്ധി നിലവിലില്ല.

(എഫ്) അക്കൗണ്ടന്റ് ജനറലിന്റെ കണക്കു പ്രകാരം 31-3-2001-ൽ പൊതു കടം 23,919 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറൽ നൽകിയ താത്കാലിക കണക്കു പ്രകാരം 30-4-2005-ൽ പൊതുകടം 42,588.60 കോടി രൂപയാണ്.

(ജി) 2005-2006 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാകുമെന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

ചെലവ് ചുരുക്കൽ

3 [181] *ശ്രീ. യു. സി. രാമൻ:*
. സി. മോയിൻകുട്ടി:
. സി. മമ്മൂട്ടി:
. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെലവ് ചുരുക്കൽ സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) ചെലവ് ചുരുക്കൽ ഉത്തരവുകൾ പാലിച്ചതു കൊണ്ട് ഖജനാവിനുണ്ടായ നേട്ടം എത്രയാണ്;

(സി) ചെലവ് ചുരുക്കൽ ഉത്തരവ് ലംഘിക്കുന്നവർക്ക് ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന ശിക്ഷാ നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചെലവ് ചുരുക്കലിന്റെ ഭാഗമായി തസ്തിക സൃഷ്ടിക്കൽ നിരോധിച്ചുകൊണ്ടും, ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തസ്തികകൾ നിർത്തലാക്കിക്കൊണ്ടും പോസ്റ്റ് അപ്ഗ്രഡേഷൻ നിയന്ത്രിച്ചുകൊണ്ടും പുതിയ വാഹനങ്ങൾ വാങ്ങുന്നതു നിയന്ത്രിച്ചുകൊണ്ടും ഓരോ വകുപ്പുകളിലേയും അധിക വാഹനങ്ങൾ സറണ്ടർ ചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ടും മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വിമാനയാത്ര/വിദേശയാത്ര നിയന്ത്രിച്ചുകൊണ്ടും സെക്രട്ടറിയറ്റ് ഫോൺ/ടെലിഫോൺ ഉപയോഗം മുതലായവ നിയന്ത്രിച്ചുകൊണ്ടും വ്യയനിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയിൽ ക്രമക്കേടുകളോ, സർക്കാരിന് നഷ്ടം വരുത്തിയതായ കാര്യങ്ങളോ കണ്ടെത്തിയാൽ ഉത്തരവാദികളായ വർക്കെതിരെ യുക്തമായ നടപടികൾ കൈക്കൊള്ളുവാൻ ധനകാര്യ ഇൻസ്പെക്ഷൻ വിങ്ങ് ബന്ധപ്പെട്ട ഭരണവകുപ്പിനോട് ശുപാർശ ചെയ്യുകയാണ് പതിവ്. റിപ്പോർട്ടിന്മേൽ നടപടികൾ കൈക്കൊള്ളേണ്ടത് ഭരണവകുപ്പുകളാണ്. ഭരണവകുപ്പ് കൈക്കൊള്ളുന്ന നടപടികളുടെ വിവരങ്ങൾ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് സമയാസമയങ്ങളിൽ അവലോകനം നടത്താറുണ്ട്.

ബഡ്ജറ്റിൽ നീക്കിവച്ച തുകയും ചെലവഴിച്ച തുകയും

4 [182] *ഡോ: തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02, 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഓരോ വകുപ്പിലും നീക്കിവയ്ക്കപ്പെട്ട തുക എത്രയെന്നും ചെലവഴിച്ച തുക എത്ര വീതമെന്നും വെളിപ്പെടുത്തുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്രവിഹിതമായി ലഭിച്ച തുക എത്ര വീതമാണ്;

(സി) പ്രസ്തുത വർഷങ്ങളിൽ ഓരോ വകുപ്പിലും വിഭവസമാഹരണ വിഷയം എത്ര വീതമായിരുന്നു? എത്ര സമാഹരിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വകുപ്പ് അടിസ്ഥാനത്തിലുള്ള തരംതിരിവിലല്ല ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നത്. പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്കിലാണ് തുക വകകൊള്ളിക്കുന്നത്. 2001-02, 2002-03, 2003-04, 2004-05 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം വിവിധ വകുപ്പുകൾക്കായി യഥാക്രമം 13944.73, 14741.57, 16081.58, 19682.41 കോടി രൂപ വീതം നീക്കിവച്ചിരുന്നു. മേൽപ്പറഞ്ഞ വർഷങ്ങളിൽ യഥാക്രമം 12381.15, 15704.72, 17427.32, 18043.90 കോടി രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളത്.

(2004-05-ലേത് താൽക്കാലിക കണക്കുകൾ പ്രകാരമാണ്)

LIBRARY ARCHIVES Kerala Legislative Assembly